പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് ഈടാക്കിവരുന്ന നികുതി നിരക്ക് കുറയ്ക്കാൻ നടപടി

33 [2642] ശ്രീ. കെ. വി. കുഞ്ഞിരാമൻ:
,, ടി. പി. രാമകൃഷ്ണൻ:
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ശ്രീ. സാജുപോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലവർദ്ധനവിന്റെ ഫലമായി സംസ്ഥാനത്തിന് നികുതി വരുമാനത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ;

(ബി) പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് എത്ര ശതമാനം നികുതിയാണ് സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് പറയാമോ;

(സി) കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധിച്ചതിന്റെ ഫലമായി സംസ്ഥാനത്തിന് വിൽപ്പന നികുതി ഇനത്തിൽ ലഭിച്ച തുക എത്രയാണ്;

(ഡി) പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് ഈടാക്കിവരുന്ന നികുതി നിരക്ക് കുറയ്ക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പെട്രോൾ—28%.
ഡീസൽ—24%.

(സി) 85 കോടി രൂപയോളം.

(ഡി) ഇല്ല.

മഹിളാപ്രധാൻ ഏജൻറുമാരുടെ കമ്മീഷൻ

34 [2643] ശ്രീ. സാജുപോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹിളാപ്രധാൻ ഏജൻറുമാരുടെ കമ്മീഷൻ 1.25%ത്തിൽനിന്നും 1% ആയി കുറയ്ക്കുന്നതിനും പരമാവധി കമ്മീഷൻ 15,000 രൂപയായി നിജപ്പെടുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ടോ;

(ബി) കമ്മീഷൻ കുറയ്ക്കുന്നതും പരമാവധി നിശ്ചയിക്കുന്നതും ഈ രംഗത്ത് പ്രവർത്തിക്കുന്നവരുടെ വരുമാനത്തിൽ വൻ കുറവ് വരുത്തുമെന്നത് ശദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഏജൻറുമാരുടെ സംഘടനാ നേതാക്കൾ നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവരുമായി ചർച്ച നടത്തുവാൻ സർക്കാർ തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മഹിളാ പ്രധാൻ ഏജൻറുമാരുടെ ബോണസ് 1.25%-ൽനിന്നും 1% ആയി കുറയ്ക്കുകയും പരമാവധി 15,000 രൂപയായി നിജപ്പെടുത്തുകയും ചെയ്തിരുന്നു. എന്നാൽ ഈ തീരുമാനം പുനഃപരിശോധിച്ച് ബോണസ് പഴയ നിരക്കിൽ 19-7-2005-ലെ ജി. ഒ. (പി) നം. 333/2005/ധന. ഉത്തരവ് പ്രകാരം പുനഃസ്ഥാപിച്ചിട്ടുണ്ട്.

(ബി) പ്രസക്തമല്ല. (ചോദ്യം 'എ' യുടെ ഉത്തരത്തിൻെറ അടിസ്ഥാനത്തിൽ.)

(സി) പ്രസക്തമല്ല. (ചോദ്യം 'എ' യുടെ ഉത്തരത്തിൻെറ അടിസ്ഥാനത്തിൽ.)

ധനകാര്യ വകുപ്പിലെ ഇൻസ്പെക്ഷൻ വിഭാഗം

35 [2644] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിലെ ഇൻസ്പെക്ഷൻ വിഭാഗം കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ എത്ര ക്രമക്കേടുകൾ കണ്ടെത്തിയെന്നും അത് ഏതെല്ലാം വകുപ്പുകളിലെ പ്രവർത്തനങ്ങളിലാണെന്നും അറിയിക്കാമോ;

(ബി) കേരളത്തിൽ നടപ്പിലാക്കി വരുന്ന കാർഷിക വികസന പദ്ധതികൾ ഏതിനെയെങ്കിലുംപറ്റി ധനകാര്യ പരിശോധനാ വിഭാഗം കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ക്രമക്കേട് കണ്ടെത്തിയിട്ടുണ്ടോ; അങ്ങനെ കണ്ടെത്തിയിട്ടുള്ള ക്രമക്കേട് സംബന്ധിച്ച റിപ്പോർട്ടിൻമേൽ നടപടികൾക്കായി അയച്ചുകൊടുത്തിട്ടുണ്ടോ; അപ്രകാരം അയച്ചുകൊടുത്തിട്ടുണ്ടെങ്കിൽ അതിൻെറ പകർപ്പ് ലഭ്യമാക്കാമോ;

(സി) ധനകാര്യ വകുപ്പിൻെറ അംഗീകാരമില്ലാതെ ബഡ്ജറ്റ് തുക വകമാറ്റി ചെലവഴിക്കുന്നതായുള്ള സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവയിൻമേൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) സുനാമി ഫണ്ടിൽനിന്നും അനുവദിച്ചതുക വകമാറ്റി ചെലവഴിച്ചതായുള്ള ഏതെങ്കിലും സംഭവം ധനകാര്യ വകുപ്പ് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അതിൻെറ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) 620. വിദ്യാഭ്യാസം, തദ്ദേശസ്വയംഭരണം, ആരോഗ്യം, പട്ടികജാതി, പട്ടിക വർഗ്ഗ വികസനം, ഉന്നത വിദ്യാഭ്യാസം, സ്പോർട്സും യുവജനകാര്യവും, ഗ്രാമവികസനം, ടൂറിസം, കൃഷി, വ്യവസായം, ഖാദി, ഗ്രാമവ്യവസായം, സാംസ്കാരികം, ഗതാഗതം, റവന്യൂ, ജലവിഭവം, സാമൂഹ്യക്ഷേമം, ആഭ്യന്തരം, തൊഴിൽ പരിശീലനം, പൊതുമരാമത്ത് തുടങ്ങിയ വകുപ്പുകളിൽ.

(ബി) കൃഷിവേനുകളിൽ നടന്ന ചില പരിശോധനകളിൽ, പണവും കൃഷിബുക്കും സൂക്ഷിക്കുന്നതിനെപ്പറ്റിയും മറ്റും ചില ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. കേരള സ്റ്റേറ്റ് വെയർ ഹൗസിംഗ് കോർപ്പറേഷൻവഴി നടപ്പിലാക്കുന്ന ഒരു പദ്ധതിയെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly